KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
Dated 16/12/ 2017

# കൊല്ലം സിറ്റി പോലീസ് : സെൽഫ് ഡിഫൻസ് പ്രോഗ്രാം

കൊല്ലം സിറ്റി പോലീസ് നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് സ്വയം രക്ഷയ്ക്ക് ഉതകുന്ന '**സ്വയം പ്രതിരോധം സ്ത്രീകൾക്ക്**' (സെൽഫ് ഡിഫൻസ് പ്രോഗ്രാം) എന്ന പദ്ധതിയുടെ കൊല്ലം സിറ്റി തല ഉത്ഘാടനം നടത്തി. സ്ത്രീകൾക്കെതിരെ തൊഴിലിടങ്ങളിലും മറ്റ് സമൂഹത്തിലെ മറ്റ് സ്ഥലങ്ങളിലും ഉ ാകുന്ന ആക്രമണങ്ങളെ തടുക്കുകയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. മാനസികവും ശാരീരകവുമായുള്ള ഒരു പ്രതിരോധ മനോഭാവം ഒരോ സ്ത്രീകളിലും ഉ ാക്കുന്നതിലുള്ള പ്രവർത്തനമാണ് ഇതിലൂടെ നടത്തിവരുന്നത്. കൊല്ലം സിറ്റി പരിധിയിലെ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന സ്ത്രീകളെ അവരുടെ തൊഴിലിടങ്ങളിൽ ചെന്ന് പ്രതിരോധ ക്ലാസ്സുകൾ നൽകുന്ന തരത്തിലാണ് ഇതിന്റെ പ്രവർത്തരീതി തയ്യാറാക്കിയിരിക്കുന്നത്. ഘട്ടം ഘട്ടമായി തൊഴിൽ മേഖലയിലുള്ള എല്ലാ സ്ത്രീകളേയും പ്രതിരോധമുറകൾ അഭ്യസിപ്പിക്കുന്നതിന് വേ ി പോലീസിലെ സെൽഫ് ഡിഫൻസ് പരിശീലനം സിദ്ധിച്ച 20 വനിതാ പോലീസിന്റെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. കൂടാതെ 2017-ൽ 21 വയസ്സിന് താഴെയുള്ള കരാട്ടെ മത്സരത്തിൽ ദേശീയ ചാമ്പ്യൻ പട്ടം കരസ്ഥമാക്കിയ ഷംജ എന്ന വിദ്ധ്യാർഥിനിയുടെ സേവനവും ഇതിനായി ഉപയോഗിക്കുന്നു. 16.12.2017-ൽ രാവിലെ 08.00 മണിയ്ക്ക് കൊല്ലം ജോളി സിൽക്സ് അങ്കണത്തിൽ സിറ്റി ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എ.അശോകൻ ഈ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു. സ്റ്റുഡൻസ് പോലീസ് അസിസ്റ്റന്റ് നോഡൽ ഓഫീസറായ വൈ. സോമരാജൻ അദ്ധ്യക്ഷനായ ചടങ്ങിൽ ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർമാരായ എച്ച്. ഷാനവാസ്, സുരേഷ് ബാബു, അനിൽകുമാർ, ജോളി സിൽക്സ് മാനേജർ ജെയ്സൺ, എം.കെ ഫേബ്രിക്സ് മാനേജർ സജിത്ത് എന്നിവർ സംസാരിച്ചു. തുടർന്ന് പോലീസ് വനിതാ വിഭാഗം സെൽഫ് ഡിഫൻസ് അംഗങ്ങളായ, റെജീന, സജിനി, സജിമ, റോസി സേവ്യർ എന്നിവരും റെൻസി അബു വർഗ്ഗീസും ടീമും നയിച്ച സ്വയം പ്രതിരോധ പ്രകടനവും നടന്നു.




